**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **01-02-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കിരൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ കിരൺ പദ്ധതി പ്രകാരം ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | **പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും.** |
| (ബി) | ആരോഗ്യ കിരൺ പദ്ധതി പ്രകാരം അർഹതപ്പെട്ടവർക്ക് 18 വയസ്സിന് ശേഷവും സൗജന്യ ചികിത്സ തുടരുകയോ മരുന്നുകൾ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | ആരോഗ്യ കിരണം പദ്ധതി പ്രകാരം അർഹതപ്പെട്ടവർക്ക് 18 വയസ്സിന് ശേഷം ഗുണഭോക്താവിന് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) അല്ലെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പ്രകാരം യോഗ്യനാണെങ്കിൽ, പദ്ധതിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അവർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ & സ്വകാര്യ ആശുപത്രികൾ വഴി ചികിത്സാ ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ